# മലയാളപാഠാവലി

## II

ഭാഗം 2



കേരള സർക്കാർ
വിദ്യാഭ്യാസ വകുപ്പ്

# മലയാളപാഠാവലി

## 2

ഭാഗം -2

കേരളസർക്കാർ
വിദ്യാഭ്യാസ വകുപ്പ്
2012

കേരളപാഠാവലി

2

*Prepared by* State Council of Educational Research and Training (SCERT)
Poojappura, Thiruvananthapuram - 695 012, Kerala.
*Website* www.scert.kerala.gov.in *e-mail* scertkerala@asianetindia.com

*Typeset and design by* SCERT Computer Lab
© Government of Kerala • Department of Education • 2012

## ദേശീയഗാനം

ജനഗണമന അധിനായക ജയഹേ
ഭാരത ഭാഗ്യവിധാതാ,
പഞ്ചാബസിന്ധു ഗുജറാത്ത മറാഠാ
ദ്രാവിഡ ഉത്ക്കല ബംഗാ,
വിന്ധ്യഹിമാചല യമുനാഗംഗാ,
ഉച്ഛ്വലജലധിതരംഗാ,
തവശുഭനാമേ ജാഗേ,
തവശുഭ ആശിഷ മാഗേ,
ഗാഹേ തവ ജയഗാഥാ
ജനഗണമംഗലദായക ജയഹേ
ഭാരത ഭാഗ്യവിധാതാ.
ജയഹേ, ജയഹേ, ജയഹേ,
ജയ ജയ ജയ ജയഹേ!

## പ്രതിജ്ഞ

ഇന്ത്യ എന്റെ രാജ്യമാണ്. എല്ലാ ഇന്ത്യക്കാരും എന്റെ സഹോദരീ സഹോദരന്മാരാണ്.

ഞാൻ എന്റെ രാജ്യത്തെ സ്നേഹിക്കുന്നു; സമ്പൂർണവും വൈവിധ്യപൂർണവുമായ അതിന്റെ പാരമ്പര്യത്തിൽ ഞാൻ അഭിമാനം കൊള്ളുന്നു.

ഞാൻ എന്റെ മാതാപിതാക്കളെയും ഗുരുക്കന്മാരെയും എന്നേക്കാൾ മുതിർന്ന എല്ലാവരെയും ബഹുമാനിക്കും.

ഞാൻ എന്റെ രാജ്യത്തിന്റെയും എന്റെ നാട്ടുകാരുടെയും ക്ഷേമത്തിനും ഐശ്വര്യത്തിനുംവേണ്ടി പ്രയത്നിക്കും.

# ഇന്ത്യൻ ഭരണഘടന

ഭാഗം IV ക

## മൗലിക കർത്തവ്യങ്ങൾ

**51 ക. മൗലിക കർത്തവ്യങ്ങൾ - താഴെപ്പറയുന്നവ ഭാരതത്തിലെ ഓരോ പൗരന്റെയും കർത്തവ്യം ആയിരിക്കുന്നതാണ് -**

(ക) ഭരണഘടനയെ അനുസരിക്കുകയും അതിന്റെ ആദർശങ്ങളെയും സ്ഥാപനങ്ങളെയും ദേശീയപതാകയെയും ദേശീയഗാനത്തെയും ആദരിക്കുകയും ചെയ്യുക;

(ഖ) സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള നമ്മുടെ ദേശീയസമരത്തിന് പ്രചോദനം നൽകിയ മഹനീയാദർശങ്ങളെ പരിപോഷിപ്പിക്കുകയും പിൻതുടരുകയും ചെയ്യുക;

(ഗ) ഭാരതത്തിന്റെ പരമാധികാരവും ഐക്യവും അഖണ്ഡതയും നിലനിർത്തുകയും സംരക്ഷിക്കുകയും ചെയ്യുക;

(ഘ) രാജ്യത്തെ കാത്തുസൂക്ഷിക്കുകയും ദേശീയ സേവനം അനുഷ്ഠിക്കുവാൻ ആവശ്യപ്പെടുമ്പോൾ അനുഷ്ഠിക്കുകയും ചെയ്യുക;

(ങ) മതപരവും ഭാഷാപരവും പ്രാദേശികവും വിഭാഗീയവുമായ വൈവിധ്യങ്ങൾക്കതീതമായി ഭാരതത്തിലെ എല്ലാ ജനങ്ങൾക്കുമിടയിൽ, സൗഹാർദവും പൊതുവായ സാഹോദര്യമനോഭാവവും പുലർത്തുക. സ്ത്രീകളുടെ അന്തസ്സിന് കുറവു വരുത്തുന്ന ആചാരങ്ങൾ പരിത്യജിക്കുക;

(ച) നമ്മുടെ സമ്മിശ്രസംസ്കാരത്തിന്റെ സമ്പന്നമായ പാരമ്പര്യത്തെ വിലമതിക്കുകയും നിലനിറുത്തുകയും ചെയ്യുക;

(ഛ) വനങ്ങളും തടാകങ്ങളും നദികളും വന്യജീവികളും ഉൾപ്പെടുന്ന പ്രകൃത്യാ ഉള്ള പരിസ്ഥിതി സംരക്ഷിക്കുകയും അഭിവൃദ്ധിപ്പെടുത്തുകയും ജീവികളോട് കാരുണ്യം കാണിക്കുകയും ചെയ്യുക;

(ജ) ശാസ്ത്രീയമായ കാഴ്ചപ്പാടും മാനവികതയും, അന്വേഷണത്തിനും പരിഷ്കരണത്തിനും ഉള്ള മനോഭാവവും വികസിപ്പിക്കുക;

(ഝ) പൊതുസ്വത്ത് പരിരക്ഷിക്കുകയും ശപഥം ചെയ്ത് അക്രമം ഉപേക്ഷിക്കുകയും ചെയ്യുക;

(ഞ) രാഷ്ട്രം യത്നത്തിന്റെയും ലക്ഷ്യപ്രാപ്തിയുടെയും ഉന്നതതലങ്ങളിലേക്ക് നിരന്തരം ഉയരത്തക്കവണ്ണം വ്യക്തിപരവും കൂട്ടായതുമായ പ്രവർത്തനത്തിന്റെ എല്ലാ മണ്ഡലങ്ങളിലും ഉൽകൃഷ്ടതയ്ക്കുവേണ്ടി അധ്വാനിക്കുക.

(ട) ആറിനും പതിനാലിനും ഇടയ്ക്ക് പ്രായമുള്ള തന്റെ കുട്ടിക്കോ രക്ഷ്യബാലകനോ, അതതു സംഗതി പോലെ, മാതാപിതാക്കളോ രക്ഷാകർത്താവോ വിദ്യാഭ്യാസത്തിനുള്ള അവസരങ്ങൾ ഏർപ്പെടുത്തുക.

*പ്രിയപ്പെട്ട കുട്ടികളേ,*

മലയാളം മധുരമാണ്.

പെറ്റമ്മയാണ്.

കളിച്ചും രസിച്ചും പഠിക്കാം.

കഥകൾ കേട്ടും പറഞ്ഞും

ആടിയും പാടിയും രസിക്കാം.

നമ്മുടെ സന്തോഷങ്ങളും സങ്കടങ്ങളും

പങ്കുവയ്ക്കാൻ മാതൃഭാഷതന്നെ വേണം.

ചിന്തിക്കാനും അനുഭവിക്കാനും

നമുക്കു ചുറ്റുമുള്ള ലോകം അറിയാനും

മാതൃഭാഷയിലൂടെ മാത്രമേ സാധിക്കൂ.

ഭാവനയുടെ സ്വപ്നത്തേരിലേറി

മതിവരുവോളം പറക്കാൻ, സ്നേഹം പകരാൻ
കൂട്ടുകാരേ,

മലയാളത്തിന്റെ മധുരമൊഴി
നിങ്ങളെ സഹായിക്കും.

സ്നേഹാശംസകളോടെ,

**പ്രൊഫ. കെ.എ. ഹാഷിം**
ഡയറക്ടർ
എസ്.സി.ഇ.ആർ.ടി.

# ഉള്ളടക്കം


6. അമ്പടി മിടുക്കീ ........................................ 55

7. ഏഴഴക് ........................................................ 64

8. ജോബിന്റെ ഡയറി .................................. 72

9. പട്ടത്തിൻ ചിറകിലേറി ............................ 80




# 6

# അമ്പടി മിടുക്കീ



ചിത്രത്തിൽ ആരെല്ലാം? എന്താണവർ പറയുന്നത്?

അമ്മ വിളിച്ചു മന്ദാകിനീ ഇറങ്ങി വാടീ പെണ്ണുങ്ങൾ മരം കേറുമോ? എന്താന്റെ ദൈവമേ ഞാനീകാണുന്നുത്?

മുത്തശ്ശീ : ശിവ! ശിവ! ന്റെ കുട്ടീ പിടുത്തം വിട്ടാൽ ... വേഗം ഇറങ്ങിക്കോ.

മാളൂ : അമ്പടീ മിടുക്കീ നീ എപ്പഴാ മരംകയറാൻ പഠിച്ചത് വേഗം ഇറങ്ങിവാ എന്നാൽ നെല്ലിക്ക തരാം .....

ആരെല്ലാം വിളിച്ചിട്ടും മന്ദാകിനി ഇറങ്ങാൻ കൂട്ടാക്കില്ല.

## അഭിനയിക്കാം

പിന്നീട് ആരെല്ലാം വന്നിട്ടുണ്ടാകും? അവർ മന്ദാകിനിയോട് എന്തെല്ലാം പറഞ്ഞിട്ടുണ്ടാകും?

മന്ദാകിനിയെ നിങ്ങൾക്ക് പരിചയപ്പെടേണ്ടേ?

## മന്ദാകിനി പറയുന്നത്

പഞ്ചായത്തു പ്രസിഡണ്ട് പ്രസംഗമാരംഭിച്ചു. മന്ദാകിനി ഈ നാടിന്റെ അഭിമാനമാണ്. നാലാം ക്ലാസിൽ പഠിക്കുന്ന ഈ കൊച്ചു മിടുക്കി കാണിച്ച ധൈര്യം വലിയവർക്കുപോലും മാതൃകയാണ്. സ്വന്തം ജീവൻ പണയപ്പെടുത്തിയാണ് ഇവൾ ചക്കിയേയും ചങ്കരനേയും രക്ഷപ്പെടുത്തിയത്. അവർ ആശുപത്രിയിൽ സുഖംപ്രാപിച്ചു വരുന്നു. മന്ദാകിനിയുടെ ഈ ധീര കൃത്യം രാഷ്ട്രപതിയുടെ അവാർഡിന് പരിഗണിക്കാൻ ഈ പഞ്ചായത്ത് ശുപാർശചെയ്യും...

കൂടിയിരുന്നവരെല്ലാം നിർത്താതെ കൈയടിച്ചു. മന്ദാകിനിക്ക് അഭിമാനം തോന്നി...

അവർ മുൻബെഞ്ചിലിരിക്കുന്ന മുത്തച്ഛനെ നോക്കി. മുത്തച്ഛൻ ചിരിച്ചു. അപ്പോളവൾ ഓർത്തു; ചേട്ടന്മാരോടുകൂടി നീന്താൻ പഠിക്കാൻ പോയപ്പം അമ്മ വഴക്ക് പറഞ്ഞത്.

ആങ്കുട്ട്യോളുടെ കൂടെ ചാടിമറിയാനൊന്നും പോകണ്ട. എല്ലാരും




നീന്താൻ പഠിച്ചിട്ടൊന്നുമല്ല വളരുന്നത്?

അടങ്ങിയിവിടിരുന്നില്ലേൽ പൊറം ഞാൻ പൊളിക്കും

അന്ന് മുത്തച്ഛനാണ് എന്റെ ഭാഗം നിന്നത്

നീന്തൽ പഠിക്കാനായി കൂട്ടിക്കെട്ടിയ ഉണക്കത്തേങ്ങകൾക്കിടയിൽ കിടന്ന് കൈയും കാലുമടിച്ച് കുറേവെള്ളം കുടിച്ച രംഗം അവളുടെ മനസിൽ ഓടിയെത്തി.

ഇനി രണ്ടുവാക്കു പറയാൻ മന്ദാകിനിയെ ക്ഷണിക്കുന്നു.

ഇതുകേട്ട് അവൾ ഓർമയിൽ നിന്ന് ഞെട്ടിയുണർന്നു. കഴുത്തിലെ മാലയും, കൈയിലെ ബൊക്കയും മേശപ്പുറത്ത് വെച്ച് അവൾ മെല്ലെ എഴുന്നേറ്റു. ഗുരുജനങ്ങളേ, രക്ഷിതാക്കളേ പ്രിയ

കൂട്ടുകാരേ ആദ്യമായി ഈശ്വരനു നന്ദി. ന്റെ ചക്കിക്കും ചങ്കരനും ഒന്നും പറ്റാത്തതിന് പിന്നെ ന്റെ മുത്തച്ഛനും, എന്നെ നീന്തൽ പഠിപ്പിച്ചതിന്. ആങ്കുട്ട്യോൾക്ക് ചെയ്യാൻ പറ്റണതൊക്കെ മനസ്സും ശക്തിയുമുണ്ടേൽ നമ്മള് പെങ്കുട്ട്യോൾക്കും ചെയ്യാം

നിറഞ്ഞ കൈയടികൾക്കു നടുവിലൂടെ മന്ദം മന്ദം നടക്കുമ്പോഴും അവളുടെ മനസിൽ ഒറ്റ വിചാരമേ ഉണ്ടായിരുന്നുള്ളൂ. ആശുപത്രിയിൽ പോകണം ചക്കിയേം ചങ്കരനേയും കാണണം.

*മന്ദാകിനി പറയുന്നത്* – *വിമലാമേനോൻ*

- നീന്തൽ പഠിക്കേണ്ടത് അത്യാവശ്യമാണ്. ഇതിനേക്കുറിച്ച് നിങ്ങൾക്കെന്താണ് പറയാനുള്ളത്?
- നിങ്ങളുടെ നാട്ടിൽ നീന്തൽ പഠിക്കാനുള്ള സാഹചര്യങ്ങൾ ഉണ്ടോ?
- പെൺകുട്ടികൾ നീന്തൽ പഠിക്കേണ്ട – അമ്മ പറഞ്ഞത് ശരിയാണ് എന്ന് തോന്നുന്നുണ്ടോ എന്തുകൊണ്ട്?

വായിക്കാം

# കുഞ്ഞേടത്തി

ഏഴാമത്താങ്ങള കൺതുറന്ന്
ഏഴുനാളായപ്പോൾ അമ്മപോയീ!
താഴെയുള്ളേഴിനും അമ്മയായീ
താഴംപൂ പോലുള്ള കുഞ്ഞേടത്തി!
 കണ്ണെഴുതാറില്ല കുഞ്ഞേടത്തി!
 കണ്ണെഴുതിക്കാനേ നേരമുള്ളൂ!
 പൊട്ടുതൊടാറില്ലാ കുഞ്ഞേടത്തി!
 പൊട്ടുതൊടീക്കാനേ നേരമുള്ളൂ!
ഉണ്ണാനൊരുങ്ങാനുമില്ല നേരം!
ഉണ്ണികൾക്കെല്ലാം മുറയ്ക്കു വേണ്ടേ?
ഇല്ലൊന്നുറങ്ങാനുമില്ല നേരം!
ഇല്ലത്തെപ്പാടുകളോർത്തിടേണ്ടേ?
 കത്തുന്നോരേഴു തിരികൾ ചൂഴും
 കുത്തുവിളക്കിന്റെ കൂമ്പുപോലെ
 ഏഴു പൊന്നാങ്ങളമാർ നടുവിൽ
 ഏവർക്കുമമ്മയായ് കുഞ്ഞേടത്തി

വളപ്പൊട്ടുകൾ — ഒ. എൻ. വി. കുറുപ്പ്

- കുഞ്ഞേടത്തിയെ ഇഷ്ടപ്പെട്ടോ എന്തുകൊണ്ട്?
- കുഞ്ഞേടത്തിയുടെ കഷ്ടപ്പാടുകൾ പോലെ നിങ്ങളുടെ വീട്ടിൽ ആരെങ്കിലും അനുഭവിക്കുന്നുണ്ടോ?
- കുഞ്ഞേടത്തി മറ്റുള്ളവർക്ക് എന്തെല്ലാമാണ് ചെയ്തു കൊടുക്കുന്നത്?

## ചിത്രങ്ങൾ നോക്കൂ









ഇതിലേതെല്ലാം എനിക്കു പറ്റും

.......................................... .......................................... ..........................................

.......................................... .......................................... ..........................................

.......................................... .......................................... ..........................................

.......................................... .......................................... ..........................................

## വ്യത്യാസമെഴുതാമോ?

| കുഞ്ഞേടത്തി | മന്ദാകിനി |
|---|---|
| സ്കൂളിൽ പോകുന്നില്ല | നീന്തൽപഠിച്ചു |
| ........................................... | ........................................... |
| ........................................... | ........................................... |
| ........................................... | ........................................... |
| ........................................... | ........................................... |

രാജു മന്ദാകിനിയുമായി നടത്തിയ അഭിമുഖ സംഭാഷണത്തിന്റെ ഒരു ഭാഗമാണ് താഴെയുള്ളത് വായിച്ചു നോക്കൂ?



രാജു : പ്രസിഡണ്ടിന്റെ ധീരതയ്ക്കുള്ള അവാർഡിന് നിർദേശിച്ചതിൽ സന്തോഷമുണ്ടോ?

മന്ദാകിനി : ഉണ്ട്.

രാജു : ആരാണ് മന്ദാകിനിയെ നീന്തൽ പഠിപ്പിച്ചത്?

മന്ദാകിനി : മുത്തച്ഛൻ.

രാജു : ചക്കിയേയും ചങ്കരനേയും രക്ഷിച്ചത് ഒന്നു വിശദീകരിക്കാമോ?



മന്ദാകിനി : ഉച്ചയ്ക്ക് ഞാൻ ചോറുണ്ണാൻ വരും വഴി കുളത്തിൽ നിന്നൊരു കരച്ചിൽ! നോക്കുമ്പോൾ ചക്കി വെള്ളത്തിൽ മുങ്ങുകയും പൊങ്ങുകയും ചെയ്യുന്നു. കരഞ്ഞുകൊണ്ട് ചങ്കരൻ വെള്ളത്തിലേക്ക് ചാടുകയാണ്. പിന്നൊന്നും നോക്കിയില്ല ഞാനും ചാടി. ഒരു വിധം ചക്കിയെ കരയിലെത്തിച്ചു. നോക്കുമ്പം ചങ്കരനെ കാണുന്നില്ല. വെള്ളത്തിൽ ഒരു കൈ മാത്രം.... അവനെയും വലിച്ച് എങ്ങനെയോ കരക്കെത്തിച്ചു.

മന്ദാകിനിയോട് നിങ്ങൾക്ക് എന്തെങ്കിലും സംസാരിക്കാനുണ്ടോ?

.............................................................................................................

.............................................................................................................

.............................................................................................................

.............................................................................................................

.............................................................................................................

## കത്തെഴുതാം

രാഷ്ട്രപതിയുടെ ധീരതയ്ക്കുള്ള അവാർഡിന് പരിഗണിച്ച മന്ദാകിനിയെ അഭിനന്ദിച്ചുകൊണ്ട് കത്തെഴുതാമോ?

## എനിക്കറിയാം

നീന്തൽ, സൈക്കിൾ ചവിട്ടൽ, കമ്പ്യൂട്ടർ, മരം കയറ്റം
ഭക്ഷണം പാകംചെയ്യൽ, ................................ .........................
....................... ....................... .......................

## പദങ്ങൾ കണ്ടെത്താം

| | | | | |
|---|---|---|---|---|
| മ | അ | ൻ | ക്ഷ | കി |
| ന | ച | രാ | ര | മ്മ |
| ച്ച | ഷ് | ന്ദാ | ശ്വ | ത്രം |
| ഈ | രം | ട്രം | ങം | നി |

## ഇന്ത്യയുടെ സ്പ്രിന്റ് റാണി



പി. ടി. ഉഷ 1964 മെയ് 20 ന് പയ്യോളിയിൽ ജനിച്ചു. ഒളിമ്പിക്സിൽ ട്രാക്ക് മത്സരങ്ങളിൽ ഫൈനലിൽ എത്തിയ ആദ്യ ഇന്ത്യൻ വനിതാ കായിക താരം ഉഷയാണ്. 1984 ലെ ലോസ് ഏഞ്ചൽസ് ഒളിമ്പിക്സിൽ ഉഷയുടെ പ്രകടനം രാജ്യത്തിന്റെ തന്നെ അഭിമാനം ഉയർത്തി. 1982 ലെ ദൽഹി, 1986 ലെ സോൾ ഏഷ്യാഡുകളിൽ നിരവധി സ്വർണമെഡലുകൾ പി. ടി. ഉഷ കരസ്ഥമാക്കി.

ഇപ്പോൾ കുട്ടികൾക്ക് കായിക പരിശീലനം നൽകാൻ ഒരു വിദ്യാലയം നടത്തി വരുകയാണ്.

- നിങ്ങൾക്ക് ആരാകാനാണാഗ്രഹം? കുറിപ്പു തയാറാക്കൂ.



7

# ഏഴഴക്

മുറ്റത്തുനിന്നു ചിണുങ്ങുന്നു കടും-
ചോപ്പിന്റെ ഭംഗിയിൽ ചെമ്പരത്തി.
മഞ്ഞനിറത്തിലായ് പൊന്നരഞ്ഞാണം പോൽ
മുറ്റത്തെ കൊന്നയിൽ പൂങ്കുലകൾ
പച്ചമരതക്കല്ലിന്റെ കാന്തിയിൽ
നീളെ തിളങ്ങും വയലുകളും
ഭൂമിക്കു മീതെ കുടപിടിച്ചെന്നപോൽ
നീണ്ടുകിടക്കുന്നു നീലവാനം
അങ്ങിങ്ങു പഞ്ഞിപോൽ പാറിക്കളിക്കുന്ന
വെള്ളിമേഘങ്ങൾക്കിതെന്തുചന്തം
പാറിക്കളിക്കുന്ന പൂക്കൾക്കും കുരുവിക്കും
മാനത്തു വിരിയുന്ന മഴവില്ലിനും
ഏഴഴകാണല്ലോ ഏഴഴക്.
വർണങ്ങൾ വാരി വിതറുന്ന ലോകമേ
ചൊല്ലാമോ വർണങ്ങൾ തൻ രഹസ്യം



## ഇഷ്ടപ്പെട്ട വരികൾ

നിങ്ങൾ വായിച്ച കവിതയിൽ നിങ്ങൾക്കിഷ്ടപ്പെട്ട വരികൾ കണ്ടെത്തി എഴുതൂ.

........................................................
........................................................
........................................................
........................................................
........................................................

വിശേഷണം ചേർത്തെഴുതാമോ?





### പൂക്കളുടെ ചിത്രം

| | | |
|---|---|---|
| ചുവപ്പ് | മഞ്ഞ | വെള്ള |
| പച്ച | റോസ് | നീല |





താമര
കോളാമ്പി പൂവ്
ചെമ്പരത്തി
റോസ്
സൂര്യകാന്തി



.......നീലത്താമര.......
.........................................
.........................................





## നിറം നൽകാമോ?



## മേനിപറച്ചിൽ

നിങ്ങൾ നിറം നൽകിയ ചിത്രത്തിലെ നിറങ്ങൾ തമ്മിൽ മേനി പറയാൻ തുടങ്ങി- അവർ എന്തെല്ലാം പറഞ്ഞിട്ടുണ്ടാവാം?

പച്ച – കൂടുതൽ ഇലകൾക്കും എന്റെ നിറമാണ്

ചെമപ്പ് – ..........................................................................

മഞ്ഞ – ..........................................................................

വെള്ള – ..........................................................................

പച്ച – ..........................................................................

.................. – ..........................................................................

.................. – ..........................................................................

.................. – ..........................................................................

## ചൊല്ലാം എഴുതാം



തെച്ചിപ്പൂവിനു ചോപ്പുനിറം

മുല്ലപ്പൂവിനു വെള്ളനിറം

..............................................

..............................................

..............................................

..............................................



പൂക്കൾക്കെല്ലാം പലനിറമെന്നാൽ

ഇലകൾക്കെല്ലാം പച്ചനിറം

പലപലപൂവിൻ മധുരം തേടും

വണ്ടിനു നല്ല കറുപ്പുനിറം









# നിറങ്ങൾ





മിന്നുപ്പൂച്ചക്ക് എപ്പോഴും സങ്കടമാണ്.
എന്നെക്കാണാൻ ഒരു ഭംഗിയുമില്ല.
പച്ചത്തത്തയെയും മഞ്ഞക്കിളിയെയും കാണാൻ
എന്തു ചന്തമാണ്.
എനിക്കും അവരെപ്പോലെ ആകാൻ
കഴിഞ്ഞെങ്കിൽ... അവൾ മഞ്ചാടി മലകടന്ന് പ്രസിദ്ധനായ
ഒരു ജാലവിദ്യക്കാരന്റെ അടുത്തെത്തി.

"മക്കളെ എന്തിനാണു നീ സങ്കടപ്പെടുന്നത്?"



ചിന്നു കാര്യം പറഞ്ഞു.

എന്നെക്കാണാൻ ഒരു ചന്തവുമില്ല.
എനിക്ക് നിറം മാറണം
ജാലവിദ്യക്കാരൻ ചിരിച്ചു.



എന്തിനു നിറം മാറണം.
നിന്നെ കാണാൻ നല്ല ചേലുണ്ട്.

"എനിക്ക് നിറം മാറണം.
പച്ചത്തത്തയെപ്പോലെ."
അവൾ ശഠിച്ചു.



ജാലവിദ്യക്കാരൻ മാന്ത്രികദണ്ഡ് നീട്ടി.
അവളുടെ നിറം പച്ചയായി.

ചിന്നുവിന് സന്തോഷമായി. നന്ദിപറഞ്ഞ് അവൾ
യാത്രയായി. കാട്ടിലൂടെ നടന്നു.

ചെമ്പൻ കുരങ്ങൻ അതുവഴി വന്നു.

"അയ്യേ, പച്ചനിറത്തിൽ നിന്നെക്കാണാൻ ഒരു ഭംഗിയുമില്ല."
എങ്ങും പച്ചയല്ലേ? അതിനിടയിൽ നീയും.

അവൾ ചുറ്റും നോക്കി. ഇലകളും വള്ളികളും മരങ്ങളും
എല്ലാം പച്ചയാണ്. ചെമ്പൻ പറഞ്ഞത് ശരിയാണ്.
ചിന്നുവിന് സങ്കടമായി.

അവൾ വീണ്ടും ജാലവിദ്യക്കാരന്റെ അടുത്തെത്തി.
എനിക്ക് മഞ്ഞക്കിളിയെപ്പോലെയായാൽ മതി.

ജാലവിദ്യക്കാരൻ വീണ്ടും മാന്ത്രികദണ്ഡ് നീട്ടി.
അത്ഭുതം, അവൾക്ക് മഞ്ഞനിറം കിട്ടി.

വഴിയിൽ ചിന്നുവിനെക്കണ്ട പാപ്പിമുയലും
കുഞ്ഞുങ്ങളും വിരണ്ട് ഓടി.

"പുലിക്കുട്ടി വരുന്നേ....."

എന്നെപ്പേടിച്ച് മൃഗങ്ങൾ പോലും ഓടുന്നു.



അഹങ്കാരത്തോടെ നടന്ന് അവൾ നാട്ടിലെത്തി.

ഒരു പുലിക്കുട്ടി നാട്ടിലിറങ്ങിയിരിക്കുന്നു.

ആളുകൾ ബഹളം വച്ചു. കല്ലും വടിയുമായി ചിന്നുവിനുപിറകെ ഓടി. അവൾ ജീവനുംകൊണ്ട് പാഞ്ഞു.

ഓടിക്കിതച്ച് ജാലവിദ്യക്കാരന്റെ അടുത്തെത്തി.

എനിക്ക് ഈ നിറം വേണ്ട.

ജാലവിദ്യക്കാരൻ മാന്ത്രികദണ്ഡ് നീട്ടി.

അപ്പോൾ ചിന്നുപ്പൂച്ചയ്ക്ക് എന്തായിരിക്കും സംഭവിച്ചിട്ടുണ്ടാവുക?

## കഥ പൂർത്തിയാക്കാം

ചിന്നുപ്പൂച്ചയുടെ സങ്കടം എന്തായിരുന്നു?

നിറം മാറിയപ്പോൾ ചിന്നുപ്പൂച്ചയ്ക്കുണ്ടായ അനുഭവങ്ങൾ എന്തെല്ലാം?

## പകരം പദങ്ങൾ

ഭംഗി എന്നപദത്തിനുപകരം പാഠഭാഗത്ത് കൊടുത്തിരിക്കുന്ന പദങ്ങൾ ഏതെല്ലാം?

......................................

......................................

......................................

## കൂടുതൽ പദങ്ങൾ കണ്ടെത്താം

ഠ, ഢ, ത്ഭ, ഭ, ങ്ക, ഞ്ഞ, ഘ, ണ്ണ

| | | | |
|---|---|---|---|
| ഠ | – | ശഠിച്ചു, | ..............................., ............................... |
| ഢ | – | മൂഢൻ, | ..............................., ............................... |
| ത്ഭ | – | അത്ഭുതം, | ..............................., ............................... |
| ഭ | – | ഭരണി, | ..............................., ............................... |
| ങ്ക | – | ശങ്കരൻ, | ..............................., ............................... |
| ഞ്ഞ | – | മഞ്ഞ | ..............................., ............................... |
| ഘ | – | മേഘം, | ..............................., ............................... |
| ണ്ണ | – | മണ്ണ്, | ..............................., ............................... |

# 8

# ജോബിന്റെ ഡയറി

ചിത്രവായന



# 26 ഒക്ടോബർ 2008
ഞായർ

ഇന്ന് എന്റെ പിറന്നാളാണ്. വിവിധ വർണങ്ങളിലുള്ള തോരണങ്ങളും ബലൂണും കൊണ്ട് വീട് ഭംഗിയായി അലങ്കരിച്ചു. ബന്ധുക്കളും കൂട്ടുകാരും അയൽവാസികളും എത്താൻ തുടങ്ങിയിരുന്നു. തമാശയും പൊട്ടിച്ചിരിയും ജന്മദിനാശംസകളും കൊണ്ട് എങ്ങും സന്തോഷകരമായ അന്തരീക്ഷം.

വനജടീച്ചറും കൂട്ടുകാരും ഇനിയും എത്തിയില്ല. അമ്മയോട് തിരക്കിയശേഷം മുറ്റത്തിറങ്ങി. വഴിയിലേക്ക് നോക്കി. ദൂരെ നിന്നും ടീച്ചറും കൂട്ടുകാരും വരുന്നതുകണ്ടു. ഞാൻ അവരുടെ അടുത്തേക്കോടി. എനിക്ക് ടീച്ചറും കൂട്ടുകാരും പിറന്നാളാശംകൾ നേർന്നു. കേക്ക് മുറിക്കലും, സദ്യയും, പാട്ടും, കളിയും കഴിഞ്ഞപ്പോൾ വൈകുന്നേരമായി. എല്ലാവരും പോയപ്പോൾ ഞാൻ സമ്മാനപ്പൊതികൾ അഴിച്ചു നോക്കി. ഉടുപ്പ്, കളിപ്പാട്ടങ്ങൾ, പേന.... വനജ ടീച്ചർ തന്ന നീളൻപൊതി ആകാംഷയോടെ തുറന്നു. ചെടിച്ചട്ടിയിൽ ഒരു കുഞ്ഞു മാവിൻതൈ... കൂടെ കൂട്ടുകാർ തയാറാക്കിയ പിറന്നാളാശംസാകാർഡുകളും.



കൂട്ടുകാരന് ജന്മദിനാശംസകൾ നേർന്നുകൊണ്ട് ആശംസാ കാർഡ് നിർമ്മിക്കൂ.

## നാലു വർഷത്തിനുശേഷം



**2012 ഒക്ടോബർ 26**

ഇന്ന് ജോബിന്റെ ഒമ്പതാം പിറന്നാളാണ്. അവൻ കൂട്ടുകാർക്കൊപ്പം മാവിൻ ചുവട്ടിലെത്തി. മാവിനോട് ചേർന്ന് നിന്ന് അഭിമാനത്തോടെ ജോബ് പറഞ്ഞു. “ഇതെന്റെ പിറന്നാൾ മരം. എന്റെ അഞ്ചാം പിറന്നാളിന് വനജടീച്ചർ തന്ന മാവിൻ തൈ ഇന്ന് വളർന്നു വലുതായിരിക്കുന്നു. ഈ മാവിലെ പക്ഷികളും ജീവികളും ഇന്ന് എന്റേയും കൂട്ടുകാരാണ്.” പാട്ടും കളികളുമായ് അന്നു മുഴുവൻ മാവിൻ തണലിൽ ചെലവഴിച്ചു. വൈകുന്നേരമായി ജോബിനോട് യാത്ര പറഞ്ഞ് കൂട്ടുകാർ പിരിഞ്ഞു. അവർ ഓരോരുത്തരും മനസ്സിൽ മന്ത്രിച്ചു; എനിക്കും വേണം ഒരു പിറന്നാൾ മരം.



മനസ്സിൽ തങ്ങിനിൽക്കുന്ന പിറന്നാൾ അനുഭവം നിങ്ങൾക്കുമില്ലേ.... എഴുതൂ.

## എന്റെ പിറന്നാൾ

## ചൊല്ലാം രസിക്കാം

ചൊടിയൊട് നട്ടുനനപ്പൂ കുട്ടികൾ
തൊടിയിൽ കൊച്ചുകറിത്തോട്ടം
ഉണ്ടേ മത്തൻ വഴുതിന വെണ്ടയു-
മൂണിന് കൂട്ടാൻ പലകൂട്ടം
ആവില്ലെന്നായ് മടിയന്മാർ ചില-
രയലത്തെങ്ങും തിണ്ടാട്ടം.
കുട്ടികളങ്ങനെയായാലൂണിനു
കിട്ടുമുണക്കക്കൊണ്ടാട്ടം

- വൈലോപ്പിള്ളിശ്രീധരമേനോൻ






## ചാച്ചാജിയും കുട്ടികളും

പിറന്നാളിന് കുട്ടികളുടെ കൂടെ സമയം ചെലവഴിക്കുക ചാച്ചാജിയുടെ പതിവാണ്. ഒരിക്കൽ പിറന്നാൾ ദിനത്തിൽ നെഹ്രു അമേരിക്കയിലെ ശിശുസംരക്ഷണ കേന്ദ്രത്തിലെത്തി. ചാച്ചാജി എത്തിയ ഉടനെ കുട്ടികൾ അദ്ദേഹത്തെ സന്തോഷത്തോടെ വണങ്ങി. ചാച്ചാജിയുടെ വിശേഷങ്ങൾ അന്വേഷിച്ചു. അദ്ദേഹം തമാശകൾ പറഞ്ഞ് കുട്ടികളെ രസിപ്പിച്ച് തുടങ്ങി. പൊട്ടിച്ചിരികളും ആർപ്പുവിളികളും മുഴങ്ങി. കൂട്ടത്തിൽ ഒരു കുട്ടിയെ അദ്ദേഹം ശ്രദ്ധിച്ചു. അവൻ വലിയ ഗൗരവത്തിലാണ്. അവനെ രസിപ്പിക്കാനായി ചാച്ചാജി പല നേരമ്പോക്കുകളും പറഞ്ഞെങ്കിലും അവൻ ചിരിച്ചില്ല.ചാച്ചാജിക്ക് വാശിയായി. അദ്ദേഹം അവന്റെ അടുത്തെത്തി. തലയിൽ നിന്ന് തന്റെ തൊപ്പി എടുത്തുമാറ്റി കഷണ്ടിത്തല ചീകാൻ തുടങ്ങി. അതുകണ്ട് അവൻ ചിരിക്കാൻ തുടങ്ങി.

ചാച്ചാജിയെ നിങ്ങൾക്കറിയില്ലേ അദ്ദേഹത്തിന് കുട്ടികളെ വളരെ ഇഷ്ടമായിരുന്നു. ചാച്ചാജിയുടെ ജന്മദിനമായ നവംബർ 14 എല്ലാ വർഷവും ശിശുദിനമായി ആഘോഷിക്കുന്നു.

- നിങ്ങളെ വളരെയധികം ചിരിപ്പിച്ച ഒരു സംഭവം വിവരിക്കൂ.



# ശിശുദിനാഘോഷം

2012 നവംബർ 14

ഗവ. എൽ.പി. സ്കൂൾ കൊറിയല്ലൂർ

മാന്യരേ,

കൊറിയല്ലൂർ ഗവ.എൽ.പി സ്കൂളിലെ ഈ വർഷത്തെ ശിശുദിനാഘോഷം വിപുലമായ പരിപാടികളോടെ നടത്താൻ തീരുമാനിച്ചിരിക്കുന്നു. എല്ലാവരുടെയും സഹായ സഹകരണങ്ങൾ പ്രതീക്ഷിക്കുന്നു.

## കാര്യപരിപാടി

| | | |
|---|---|---|
| സ്വാഗതം | : | കെ.ജയന്തി<br>(ഹെഡ്മിസ്ട്രസ്) |
| അധ്യക്ഷൻ | : | ടി.കെ.സന്തോഷ്<br>(വാർഡ് മെമ്പർ) |
| ഉദ്ഘാടനം | : | പി. രവീന്ദ്രൻ<br>(പഞ്ചായത്ത് പ്രസിഡന്റ്) |
| ആശംസ | : | ബി. ജോർജ് കുട്ടി<br>(എ.ഇ.ഒ.)<br>ബിജുലാൽ<br>(പി.ടി.എ. പ്രസിഡന്റ്) |
| നന്ദി | : | ലതിക ടി.പി.<br>(സ്കൂൾ ലീഡർ) |

തുടർന്ന് കലാപരിപാടികൾ

• പുഞ്ചിരിമത്സരം • ചിത്രരചന • കവിതാപാരായണമത്സരം

നോട്ടീസ് വായിച്ചല്ലോ

ശിശുദിനാഘോഷത്തിന്റെ അനൗൺസ്‌മെന്റ് നടത്തുവാനായി കുറിപ്പ് തയാറാക്കൂ.

.................................................................................................................

...............................................................................................................

................................................................................

.....................................................................

......................................................................

..........................................................................

...........................................................................

.....................................................................

...............................................................



നിങ്ങളുടെ സ്കൂളിൽ ഈ വർഷം ശിശുദിനം എങ്ങനെയാണ് ആഘോഷിച്ചത്? എഴുതൂ.

.....................................................................................................................

.....................................................................................................................

.....................................................................................................................

.....................................................................................................................

## 9

# പട്ടത്തിൻ ചിറകിലേറി

**ക്ഷണക്കത്ത്**

എന്റെ പുതിയ വീടിന്റെ ഗൃഹപ്രവേശം ശനിയാഴ്ചയാണ്. എല്ലാവർക്കും സദ്യ ഒരുക്കിയിട്ടുണ്ട്. എല്ലാ കൂട്ടുകാരും വരണം.

**ചിന്നുക്കുരുവി**

പഞ്ചവൻകാട്

04.12.2012



നാളെയാണ് ചിന്നുക്കുരുവിയുടെ ഗൃഹപ്രവേശം. വെളുപ്പിന് തന്നെ റെഡിയായി.

പുൽച്ചാടിക്കും കുഞ്ഞുനുറുമ്പിനും ഗൃഹപ്രവേശനത്തിന് പോകാൻ ആഗ്രഹമുണ്ട്. പക്ഷേ ആരും അവരെ ഒപ്പം കൂട്ടിയില്ല. പഞ്ചവൻകാട് വളരെ അകലെ യാണ്. കുഞ്ഞിക്കാലുകൾ കൊണ്ട് നടന്ന് നമ്മളവിടെ എങ്ങനെയെത്തും?

അവർ പുറപ്പെടാൻ തന്നെ തീരുമാനിച്ചു. രണ്ടുപേരും ഒരുപാട് ദൂരം നടന്നു.

ഇനി മരത്തണലിൽ ഇത്തിരി നേരം വിശ്രമിക്കാം.

"അയ്യോ ..........

കൂട്ടുകാരെ എന്നെ രക്ഷിക്കാമോ?"

ങ്ങേ; ആരാണ് കരയുന്നത്?

രണ്ടുപേരും ശബ്ദം കേട്ടിടത്തേക്ക് നോക്കി മരത്തിന് മുകളിൽ ഉയരത്തിൽ ഒരുപട്ടം പാവം ചരട് പൊട്ടി വഴിതെറ്റി വന്നതാ... ചരടാണെങ്കിൽ മരത്തിലും ചുറ്റിപ്പോയി.

പുൽച്ചാടിയും കുഞ്ഞനുറുമ്പും മരത്തിന് മുകളിലേക്ക് കയറി. രണ്ടുപേരും ചേർന്ന് പട്ടത്തിന്റെ ചരട് കമ്പിൽ നിന്നും വിടുവിച്ചു.

“നന്ദി കൂട്ടുകാരെ, നിങ്ങളില്ലായിരുന്നെങ്കിൽ ഞാനവിടെ പെട്ടു പോയേനെ”

ആട്ടെ ... നിങ്ങളെങ്ങോട്ടാ?

ഞാൻ നിങ്ങൾക്ക് എന്തു സഹായമാണ് ചെയ്യേണ്ടത് പട്ടം ചോദിച്ചു.

## സംഭാക്ഷണം

അവർപറഞ്ഞതെന്ത്?

പട്ടവും, പുൽച്ചാടിയും, കുഞ്ഞനുറുമ്പും തമ്മിലുള്ള സംഭാക്ഷണമെഴുതുക

.......................................................................................................

.......................................................................................................

.......................................................................................................

.......................................................................................................

.......................................................................................................

.......................................................................................................

.......................................................................................................

.......................................................................................................

പുൽച്ചാടിയെയും കുഞ്ഞനുറുമ്പിനെയും പുറത്തിരുത്തി പട്ടം ആകാശത്തേക്ക് പറന്നു. "മുറുകെ പിടിച്ചിരുന്നോണം" - പട്ടം കൂട്ടുകാരെ ഓർമ്മിപ്പിച്ചു ദാ ...... താഴെക്ക് നോക്കിക്കേ പുൽച്ചാടി കുഞ്ഞമുറുമ്പിനോട് പറഞ്ഞു. ആ കാഴ്ച കണ്ട് രണ്ടുപേരും അത്ഭുതപ്പെട്ടുപോയി.



കുഞ്ഞനുറുമ്പും പുൽച്ചാടിയും കണ്ട ആകാശ കാഴ്ചകൾ എഴുതി നോക്കൂ....

## വിവരണം

.....................................................................................................

.....................................................................................................

.....................................................................................................

.....................................................................................................

.....................................................................................................

ഇപ്പോൾ പട്ടത്തിന്റെ യാത്ര പട്ടണത്തിന് മീതെയാണ്.

ഹോ ! എന്തൊരു ചൂട്

പൊടിയും പുകയും കൊണ്ട് കണ്ണ് വേദനിക്കുന്നു. പുൽച്ചാടി പറഞ്ഞു. ശരിയാ ....... വല്ലാത്ത നാറ്റവുമുണ്ട്

അവിടൊക്കെ മാലിന്യങ്ങൾ കൂട്ടിയിട്ടിട്ടുണ്ട് അതാണ് ചീഞ്ഞു നാറുന്നത്. കുഞ്ഞുറുമ്പ് പറഞ്ഞു എത്ര ഓർമ്മിപ്പിച്ചാലും ഈ പട്ടണത്തിലെ ആൾക്കാരിങ്ങനെയാ....

നോക്കിയേ ... അവിടൊക്കെ എഴുതിവച്ചിരിക്കുന്നത്



നാറ്റം സഹിക്കാൻ വയ്യ.

പട്ടം ഉയർന്നു പറന്നു.

പട്ടം ആ കാഴ്ച കണ്ടു. മൃഗങ്ങളും ജീവികളും കാട്ടുവഴിയിലൂടെ വരിവരിയായി യാത്രചെയ്യുന്നു. ഇത്

നമ്മുടെ കൂട്ടുകാരാണ്. നമുക്ക് മുമ്പെ പുറപ്പെട്ടെങ്കിലും പഞ്ചവൻ കാട്ടിൽ ആദ്യമെത്തുക നമ്മൾ തന്നെ.

“എന്റെ പൊന്നു പട്ടമെ ഞങ്ങൾക്ക് അവർക്കു മുമ്പെ അവിടെയെത്തണം വേഗത്തിൽ പറക്കൂ....”

പട്ടം ഉയർന്നു പറന്നു.

ഒപ്പം പറന്നു പോവുകയായിരുന്ന പരുന്ത് ഇത് കണ്ടു പരുന്ത് ഒന്നുകൂടി ഉയരത്തിൽ പറന്ന് പട്ടത്തിന് മുകളിലെത്തി പട്ട



ത്തിന് കുസൃതി തോന്നി. പട്ടം വീണ്ടും ഉയർന്നു പൊങ്ങി. പരുന്ത് പുൽച്ചാടിയെയും കുഞ്ഞുറുമ്പിനെയും കണ്ടു അവൻ പട്ടത്തിനടുത്തേക്ക് പറന്നു അയ്യോ ഞങ്ങൾക്ക് പേടിയാകുന്നു അവർ നിലവിളിച്ചു

നിങ്ങൾ ഒളിച്ചിരുന്നോളൂ അല്ലെങ്കിൽ അവൻ അകത്താക്കും പട്ടം ഓർമിപ്പിച്ചു.

കഥ പൂർത്തിയാക്കൂ....

ചിന്നുക്കുരുവിയുടെ ഗൃഹപ്രവേശനം ഗംഭീരമായിരുന്നു. പിറ്റേന്ന് തോരണങ്ങൾ, സദ്യയുടെ അവശിഷ്ടങ്ങൾ, ചപ്പുചവറുകൾ എല്ലാം അവളുടെ വീടിനുചുറ്റും നിറഞ്ഞു കിടന്നു. ഇതുകണ്ട കുഞ്ഞനുറുമ്പും പുൽച്ചാടിയും പറഞ്ഞു.

പഞ്ചവൻ കാട് പട്ടണം പോലെ മാലിന്യകൂമ്പാരമാകരുത്. എല്ലാവരും ശ്രദ്ധിക്കണം. നമുക്കിവിടെ അറിയിപ്പ് ബോർഡു ണ്ടാക്കണം.

### അറിയിപ്പ് തയ്യാറാക്കാം

........................................................................................................

........................................................................................................

........................................................................................................

........................................................................................................

........................................................................................................

•



State Council of Educational
Research and Training (SCERT)
Vidyabhavan, Poojappura, Thiruvananthapuram
Kerala-695 012. Website www.scert.kerala.gov.in
e-mail scertkerala@asianetindia.com